### കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ടം

106(4116) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ വായ്പാസഹായത്തോടെ നടത്തുന്ന കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) രണ്ടാംഘട്ട പദ്ധതിയിൽ എത്ര പാക്കേജുകളാണുള്ളത്; വിശദാംശം നൽകാമോ?

(എ-സി)ലോക ബാങ്കിന്റെ ധനസഹായമുള്ള ഈ പദ്ധതി 363 കി.മി. റോഡുകളുടെ അപ്ഗ്രഡേഷൻ പണികളും റോഡ് സുരക്ഷാ പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പ് ബലപ്പെടുത്താനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റ്രെംഗ്തനിംഗ് പ്രവർത്തനങ്ങളും ഉൾപ്പെടുന്നതാണ്. കെ.എസ്.ടി.പി. പദ്ധതിയുടെ Component തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

COMPONENT-A

1. കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ്-27.78 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു
2. പിലാത്തറ - പാപ്പിനിശ്ശേരി റോഡ്-20.90 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു
3. തലശ്ശേരി-കുളറോഡ് റോഡ്-28.80 കി.മീ-ഇരഞ്ഞോളി പാലം, കുട്ടുപുഴ പാലം എന്നിവയുടെ പണി പൂർത്തീകരിക്കാനുണ്ട്.
4. കളറോഡ്-വളവുപാറ റോഡ്-25.20 കി.മീ-ഇരഞ്ഞോളി പാലം, കൂട്ടുപുഴ പാലം എന്നിവയുടെ പണി പൂർത്തീകരിക്കാനുണ്ട്.
5. ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ്-45.70 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6. ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ്-40.96 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.
7. തിരുവല്ല ബൈപ്പാസ് (ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ്)-2.3 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.
8. തിരുവല്ല ടൗൺ-1.90 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.
9. പൊൻകുന്നം-തൊടുപുഴ റോഡ്-50 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.
10. പെരുമ്പിലാവ് -പെരിന്തൽമണ്ണ റോഡ്-39.37 കി.മീ-പ്രവൃത്തി പൂർത്തീകരിച്ചു.
11. പുനലൂർ പൊൻകുന്നം (82 കി.മി) ഇ.പി.സി. മാതൃകയിൽ മൂന്ന് പാക്കേജുകളായി തിരിച്ചിരിക്കുന്നു. - പ്രവൃത്തി പുരോഗമിച്ചുവരുന്നു.
    i.പുനലൂർ മുതൽ കോന്നി വരെ-29.84 കി.മീ.

    ii.കോന്നി മുതൽ പ്ലാച്ചേരി വരെ-30.16 കി.മീ.

    iii. പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ -22.17 കി.മീ.

COMPONENT-D

1. ചെമ്മണ്ണാർ ഗ്യാപ്പ് -29.44 കി.മി-പ്രവൃത്തി പുരോഗമിച്ചുവരുന്നു.
2. പൈനാവ്- താന്നിക്കണ്ടം -അശോകകവല റോഡ് -21 കി.മി-പ്രവൃത്തി പുരോഗമിച്ചുവരുന്നു.
3. അടൂർ-ചെങ്ങന്നൂർ റോഡ് -23.804 കി.മി. - പ്രവൃത്തി പുരോഗമിച്ചു വരുന്നു.

COMPONENT- B

റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം - വെഞ്ഞാറമൂട് - അടൂർ (80 കി.മി.) റോഡിന്റെ ഉപരിതലം പുതുക്കി എല്ലാ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തി പണി പൂർത്തീകരിച്ചു. റോഡ് സുരക്ഷാ മാനേജ്മെന്റിന്റെ ഭാഗമായി സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയെ ശക്തിപ്പെടുത്തൽ, റോഡ് സുരക്ഷയിൽ ഏർപ്പെട്ടിരിക്കുന്ന വകുപ്പിൽ റോഡ് സുരക്ഷാ സെല്ലുകൾ രൂപീകരിച്ച് അവയെ സജ്ജമാക്കൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ സുരക്ഷാപാതകൾ നിർമ്മിക്കൽ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

COMPONENT- C

പൊതുമരാമത്ത് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ റോഡുകളുടെ സുരക്ഷയും പരിരക്ഷാ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ റോഡ് സുരക്ഷാപ്രവർത്തനങ്ങളുടെയും പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റേറ്റ് മാനേജ്മെന്റിനേയും ഒരു ഉന്നത സാങ്കേതിക വിദ്യാകേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) എം. സി. റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിന് വേണ്ടിയുള്ള കഴക്കൂട്ടം-അടൂർ അപകടരഹിത മാതൃകാറോഡ് നിർമ്മാണം പൂർത്തീകരിച്ചോ; ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ?

ടി റോഡ് നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ റോഡ് മെയിന്റനൻസ് ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ ഫലപ്രാപ്തി (Monitoring and Evaluation) വിലയിരുത്തുന്നതിനായി നാറ്റ്പാക്കുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പഠനം നടന്നുവരുന്നു.

**വൈപ്പിൻ-മുനമ്പം റോഡ്**

107(4117) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള റോഡ് സുരക്ഷാ പദ്ധതിയായ ചലഞ്ച് ഫണ്ടിൽനിന്നും വൈപ്പിൻ-മുനമ്പം റോഡിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) റോഡ് സുരക്ഷാ പ്രവൃത്തികളുടെ ഭാഗമായി വൈപ്പിൻ-മുനമ്പം റോഡിൽ ബസ് ഷെൽറ്ററുകൾ, ട്രാഫിക് സിഗ്നലിംഗ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതും ഓട നിർമ്മിക്കുന്നതും എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

(എ-സി)പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധികാര പരിധിയിൽ വരുന്ന വൈപ്പിൻ പള്ളിപ്പുറം റോഡിൽ Budget Work - 2019-20-Improvements to Vyppin Pallippuram road Ch. 0/000 to 29/500 എന്ന പ്രവൃത്തിക്ക് 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ റോഡ് സേഫ്റ്റി ഇനങ്ങൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല. ചലഞ്ച് ഫണ്ടിൽനിന്നും ഈ റോഡിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly